പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1745 | 16-10-2026-ൽ മറുപടിയ്ക്ക്

**അംഗൻവാടി വർക്കർമാരുടെ സേവന-വേതന വ്യവസ്ഥകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എം. എം. നസീർ

**മറുപടി നൽകിയ മന്ത്രി**

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** കേരളത്തിന്റെ പ്രാഥമിക വിദ്യാഭ്യാസ ആരോഗ്യ പശ്ചാത്തലം മെച്ചപ്പെടുത്തുന്നതിന് പ്രധാന പങ്കു വഹിക്കുന്ന അംഗൻവാടി വർക്കർമാർക്ക്, സർക്കാർ ജീവനക്കാരുടേതിന് തുല്യമായ സേവന-വേതന വ്യവസ്ഥകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

**മറുപടി:** പരിഗണനയിലില്ല. അങ്കണവാടി പ്രവർത്തകർ, കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം ഓണറേറിയം അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സന്നദ്ധ പ്രവർത്തകരാണ്. കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ഓണറേറിയം/ അധിക സംസ്ഥാന വിഹിതം/ തദ്ദേശ സ്വയംഭരണ വകുപ്പ് വിഹിതം എന്നീ മൂന്നിനങ്ങൾ ഉൾപ്പെട്ടതാണ് അങ്കണവാടി പ്രവർത്തകരുടെ പ്രതിമാസ ഓണറേറിയം. അങ്കണവാടി പ്രവർത്തകർക്ക് സർക്കാർ ജീവനക്കാരുടേതിന് തുല്യമായ സേവന-വേതന വ്യവസ്ഥകൾ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമാണ്.

**(ബി)** അംഗൻവാടികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആയത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പുതിയൊരു കമ്മീഷനെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

**മറുപടി:** പുതിയ കമ്മീഷനെ നിയമിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**(സി)** കേവലം 10 വർഷമെങ്കിലും സേവനമനുഷ്ഠിച്ചിട്ടുള്ള പ്രസ്തുത മേഖലയിലെ പ്രവർത്തകർക്ക് പെൻഷൻ വർധിപ്പിച്ച് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

**മറുപടി:** പരിഗണനയിലില്ല. അങ്കണവാടി ക്ഷേമനിധി ബോർഡിന് പ്രതിമാസം അംശദായമായി ഏകദേശം 2,48,00,000/- രൂപ ലഭിക്കുമ്പോൾ 2026 വർഷം വരെ വിരമിച്ച 24,963 അങ്കണവാടി പ്രവർത്തകർക്ക് ഒരു മാസം പെൻഷൻ നൽകുന്നതിനു മാത്രമായി 5,02,06,500/- രൂപ ശരാശരി ചെലവാകുന്നുണ്ട്.

പ്രതിമാസ പെൻഷൻ ഇനത്തിൽ മാത്രം 2,54,06,500/- രൂപ സർക്കാർ അധികമായി കണ്ടെത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. 2026 വരെ പെൻഷൻ ആയവർക്ക് വേണ്ടി മാത്രം വർഷം 30,48,72,000/- രൂപ സർക്കാർ അധികമായി കണ്ടെത്തേണ്ടി വരുന്നുണ്ട്. ഇതിന് പുറമെ വിരമിക്കൽ ആനുകൂല്യങ്ങളും നൽകേണ്ടതുണ്ട്. ഇതിനായി മാത്രം പ്രതിവർഷം 26 കോടിയിലധികം രൂപയും

വകയിരുത്തേണ്ടതുണ്ട്. ടി സാഹചര്യത്തിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്ക് അനുസരിച്ച് മാത്രമേ പെൻഷൻ വർദ്ധിപ്പിക്കുന്നതിന് സാധിക്കൂ.

**സെക്ഷൻ ഓഫീസർ**